LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. 2003-2004-ൽ സ്ഥാപിച്ച സബ്സ്റ്റേഷനുകൾ

25 [182] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 2003-2004-ൽ ആവിഷ്കരിച്ച പദ്ധതി അനുസരിച്ച് എത്ര സബ്സ്റ്റേഷനുകൾ സ്ഥാപിക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ടെണ്ടർ ചെയ്ത സബ്സ്റ്റേഷനുകളിൽ ഇനിയും നിർമ്മാണം പൂർത്തിയാക്കാത്തവ എത്രയുണ്ടെന്നും അവ ഏതെന്നും വ്യക്തമാക്കുമോ;

(സി) നിർമ്മാണം പൂർത്തിയാക്കാത്ത സബ്സ്റ്റേഷനുകൾ ഓരോന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003-2004-ൽ ഇതുവരെ മൂന്ന് 110 കെ. വി. സബ്സ്റ്റേഷനുകളും രണ്ട് 66 കെ. വി. സബ്സ്റ്റേഷനുകളും ഏഴ് 33 കെ. വി. സബ്സ്റ്റേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നാല് 66 കെ. വി. സബ്സ്റ്റേഷനുകളുടെ ശേഷി 110 കെ. വി. ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ബി ആന്റ് സി) നിർമ്മാണം പൂർത്തിയാക്കാത്ത സബ്സ്റ്റേഷനുകളും പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തീയതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

കുറ്റ്യാടി ആഗ്മെന്റേഷൻ സ്കീമിലെ സ്പിൽവേ നിർമ്മാണത്തിലെ തടസ്സങ്ങൾ

26 [183] ശ്രീ. ടി. എൻ. പ്രതാപൻ :
,, പി. ടി. തോമസ് :
,, എ. പി. അനിൽകുമാർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ സ്കീമിന്റെ സ്പിൽവേ നിർമ്മാണത്തിനോ മറ്റെന്തെങ്കിലും പണികൾക്കോ കോടതി സ്റ്റേ നൽകിയിട്ടുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ എപ്പോൾ; എന്തടിസ്ഥാനത്തിൽ എന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്റ്റേ വെക്കേറ്റു ചെയ്യുവാൻ വൈദ്യുതി ബോർഡ് എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സ്റ്റേ വെക്കേറ്റു ചെയ്യുവാൻ വൈദ്യുതി ബോർഡ് എന്നെല്ലാം കോടതിയെ സമീപിച്ചുവെന്നും ഓരോ പ്രാവശ്യവും കോടതി ഉത്തരവ് എന്തായിരുന്നു വെന്നും സ്റ്റേ എന്ന് വെക്കേറ്റുചെയ്തുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലവാസികൾ പാറ പൊട്ടിക്കുന്നതിനെതിരെ നൽകിയ കേസിനോട നുബന്ധിച്ച് കോടതി സ്റ്റേ നൽകിയിട്ടുണ്ട്. സ്റ്റേ നിലനിന്നിരുന്ന കാലയളവ് 9/85 മുതൽ 7/86 വരെയും 8/86 മുതൽ 2/87 വരെയും ആയിരുന്നു.

(സി ആന്റ് ഡി) വയനാട്ടിലെ സുൽത്താൻ ബത്തേരി സബ് കോടതിയിൽ നിന്നും കേരള ഹൈക്കോടതിയിൽ നിന്നും വൈദ്യുതി ബോർഡിന് അനുകൂലമായി വിധി സമ്പാദിച്ചു. റിവ്യൂ ഫയൽ ചെയ്യേണ്ടി വന്നില്ല.

കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ കരാർ റദ്ദാക്കിയ നടപടി

27 [184] ശ്രീ. ഡി. സുഗതൻ :
,, എം. പി. ഗംഗാധരൻ :
,, പി. ടി. തോമസ് :
,, കെ. മുഹമ്മദാലി :
,, എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ പണിക്കുള്ള ടെണ്ടർ വിളിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; അതിന്റെ പണി എന്ന് അവാർഡ് ചെയ്തു;

(ബി) പ്രസ്തുത പദ്ധതിയുടെ പണി എത്ര ശതമാനം പൂർത്തിയായി;

(സി) ഓരോ പണിയും പൂർത്തിയായതാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ കരാർ ബോർഡ് റദ്ദാക്കിയിരുന്നോ; എങ്കിൽ എന്ന്; അതിനുള്ള കാരണം എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly